

# കേളുക്കുറുക്കന്റെ സാഹസങ്ങൾ

• നിഷാദ് തോട്ടുങ്ങൽ

കേളുക്കുറുക്കനും കുഞ്ചുക്കുറുക്കനും വലിയ കൂട്ടുകാരാണ്. അവരാ മൊട്ടക്കുന്നിൽ പതിവുപോലെ കാറ്റുകൊള്ളാൻ വന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം തനിക്കുണ്ടായ അനുഭവം കേളു പറയാൻ തുടങ്ങി:

''കേട്ടോ കുഞ്ചൂ...''

കാട്ടതിർത്തിയിലെ അരുവിയിൽ മീൻപിടിക്കുന്നതിൻെറ രസത്തിനിടയിൽ അറിയാതെ അക്കരെയെത്തിയത് ഞാനറിഞ്ഞില്ല..

നാട്ടുനായ്ക്കൾ ഓടിച്ചപ്പോൾ കണ്ണിൽ കണ്ട പറമ്പുകളിലൂടെയും വരമ്പുകളിലൂടെയുമൊക്കെ ഓടേണ്ടിവന്നു..

കുട്ടികളിൽ ചിലർ കല്ലെറിയുകയുംകൂടി ചെയ്തപ്പോൾ തിരിഞ്ഞുനോക്കാതൊരു പാച്ചിലായിരുന്നു..

എങ്ങനെയൊക്കെയോ ഒരു പൊന്തക്കാട്ടിൽ കയറിപ്പറ്റാനായതിനാൽ ജീവൻ കിട്ടിയതാ.

ഒരുപാടൊരുപാട് നേരം ഒരേയിരിപ്പായിരുന്നു.

വിശന്നിട്ടാണെങ്കിൽ സഹിക്കാനാവുന്നില്ല.

പ്രിയപ്പെട്ട സുഹൃത്തേ, തിരിച്ചിങ്ങോട്ട് വരാനാണെങ്കിൽ വഴിയറിയുകയുമില്ല. നായ്ക്കളും മനുഷ്യരും എൻെറ മേൽ ചാടിവീഴുകയും ചെയ്യും.

ഈ നാട് എന്ന് പറയുന്നത് വല്ലാത്തൊരു ലോകമാണ് കുഞ്ചൂ...

ഒരു കാരണവശാലും അവിടെ ചെന്നുപെടാതെ നോക്കണം...

കൊതിയൂറും കോഴി

▸▸ നിർഭയ കേസ് അന്വേഷിച്ച കമ്മീഷൻ– വർമ കമ്മീഷൻ

കൾ കൊത്തിപ്പെറുക്കി, ചിക്കിച്ചിനക്കി ഞാനൊളിച്ചിരിക്കുന്നതിനു മുന്നിൽ കറങ്ങിനടക്കുന്നുണ്ടായിരുന്നു. ഇവിടെ വല്ല കാട്ടുകോഴിയും നമ്മുടെ മുന്നിൽ പെട്ടാൽ അപ്പോൾ തന്നെ നാം അകത്താക്കില്ലേ... എന്നാൽ അവിടെ നായ്ക്കൾക്ക് പോലും കോഴികളെ തൊടാനാവില്ല. എവിടെ നോക്കിയാലും മനുഷ്യരാണ്. അവർ നായ്ക്കളെങ്ങാനും കോഴികളെ തൊട്ടാൽ കല്ലെറിഞ്ഞ് കൊല്ലും..!

കുറുക്കന്മാർ ബുദ്ധിമാന്മാരും സൂത്രശാലികളുമാണെന്ന് തൊട്ടപ്പുറത്തെ തോട്ടിൽ മീൻപിടിക്കാൻ വന്ന കുട്ടികൾ പറയുന്നത് കേട്ടു. ഒരുപാട് കുറുക്കന്മാരുടെ വിജയഗാഥകൾ അവർ പറയുന്നത് കേട്ടു. കൂട്ടത്തിൽ നമ്മുടെ പൂർവ്വികരിലാരോ മുന്തിരിക്കായി ചാടിനോക്കിയെന്നൊക്കെ പറയുന്നത് കേട്ടു. മാംസാഹാരികളായ നമ്മെപ്പറ്റി മനുഷ്യർ ഓരോ നുണക്കഥ എഴുതിയുണ്ടാക്കുന്നതാ കുഞ്ചുവേ...

കാടിന്റെ സുഖശീതളിമയിൽ മാന്യമായി ജീവിക്കുന്ന നാമടങ്ങിയ ജീവികൾക്ക് ജീവിക്കാൻ മനുഷ്യരുടെ ആ നാട്ടിൽ കഴിയില്ല സുഹൃത്തേ. കാട്ടിലെ സ്വാതന്ത്ര്യത്തിന്റെ വില ഞാനപ്പോഴാണ് മനസ്സിലാക്കുന്നത്. വാലാട്ടികളായ നായ്ക്കളും, കുഞ്ഞിനുള്ള പാല് മനുഷ്യന് കൊടുക്കുന്ന പശുക്കൾ മുതൽ തോട്ടികൊണ്ടുള്ള കുത്ത് പേടിച്ച് മനുഷ്യന്റെ ആഘോഷങ്ങൾക്കായി പൊരിവെയിലത്ത് എരിപൊരികൊള്ളുന്ന കൊമ്പന്മാരെയും വരെ അവിടെ കാണാം.

അവരൊക്കെ നമ്മുടെ വിലകളഞ്ഞു കുഞ്ചൂ...

കാട്ടുസംസ്കാരത്തിലേക്കവർക്കിനി മടങ്ങാനാവില്ല.

വിശപ്പ് കൂടിക്കൂടി വന്നു. ഒരു വിധം ഇരുട്ടാകും വരെ കാത്തിരുന്ന് രണ്ടും കൽപ്പിച്ച് മെല്ലെ പുറത്തിറങ്ങി.

കുറച്ച് മാറി കാട്ടുഭാഷ സംസാരിക്കുന്ന മനുഷ്യരുടെ ശബ്ദം കേട്ട് അങ്ങോട്ടു ചെന്നു. കണ്ണുകളെ വിശ്വസിക്കാനായില്ല, കാട്ടുമൂപ്പനും രണ്ട് സഹായികളും എന്തൊക്കെയോ ചുട്ട് തിന്നുന്നു. എന്നെ കണ്ടതും കുറച്ച് എനിക്കും ഇട്ടുതന്നു. ഭക്ഷണശേഷം ഞാനാ കാട്ടുമനുഷ്യരോടൊപ്പം കാടുകേറി.

അങ്ങനെ വലിയൊരു നാട്ടിലകപ്പെട്ട ഞാൻ സന്മനസ്സുള്ള കാട്ടുമനുഷ്യരുടെ സഹായത്താൽ കാടണഞ്ഞു.’’



## ഗൾഫും ഇന്ത്യയും

ഇന്ത്യയിൽ നിന്നും കുടിയേറ്റക്കാർ ഏറ്റവുമധികമുള്ള യു.എ.ഇ യിൽ 33.1 ലക്ഷം ഇന്ത്യക്കാരുണ്ട്. രണ്ടാം സ്ഥാനം യു.എസിനാണ്. 23 ലക്ഷം. ഒമാനിൽ 12 ലക്ഷം. കുവൈത്ത് 11.6 ലക്ഷം എന്നിങ്ങനെയാണ് കണക്കുകൾ.

▸▸ ഇന്ത്യയിലെ ആദ്യത്തെ ആണവ റിയാക്ടർ– അപ്സര